
ഗവ: ഹയർ സെക്കണ്ടറി സ്കൂൾ
തരുവണ
മികവ്
School Master Plan
2025-26

# ഗവ.ഹയർസെക്കണ്ടറി സ്കൂൾ

# തരുവണ (HS വിഭാഗം)

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

### ഉള്ളടക്കം


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് |
|---|---|---|
| 1 | ആമുഖം | 4 |
| 2 | പൊതു കാഴ്ചപ്പാട് | 5 |
| 3 | ഭരണപരമായ ക്രമീകരണങ്ങൾ | 6 |
| 4 | പ്രശ്നാവിശകലനം | 8 |
| 5 | കുട്ടി | 9 |
| 6 | അധ്യാപകൻ | 10 |
| 7 | രക്ഷിതാവ് | 10 |
| 8 | സംവിധാനം | 11 |
| 9 | മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ വിഭാഗം | 12-45 |
| 10 | 10 . അക്കാദമിക വിഷയങ്ങൾ | 46-67 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ആമുഖം

ഒരു സമൂഹത്തിൻറെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആ സമൂഹത്തിൻറെ സംസ്കാരവുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്നു. സമൂഹത്തിൻറെ സാംസ്കാരിക പുരോഗതി എന്നത് അതിൻറെ സാംസ്കാരിക മുന്നേറ്റവും വിദ്യാഭ്യാസ പുരോഗതിയും ചേർന്ന് നിൽക്കുമ്പോൾ ഉരുത്തിരിയുന്ന ഒന്നാണ്. സംസ്കാരത്തിൻറെ ധിഷണയുടേയും, സാങ്കേതിക വിദ്യയുടെയും അനുപമമായ സമ്മിശ്രമായാണ് വിദ്യഭ്യാസത്തെ സംബന്ധിച്ച കാഴ്ചപ്പാടുകൾ രൂപപ്പെട്ടുവരേണ്ടത്. സമൂഹത്തിൻറെ സാംസ്കാരികമായ ശാക്തീകരണമായാണ് വിദ്യാഭ്യാസം നിർവ്വചിക്കപെടുന്നത്. മാറിവരുന്ന സാമൂഹ്യ വ്യവസ്ഥകളോട് ക്രിയാത്മകമായി പ്രതികരിക്കാനും സുഗമമായ സാമൂഹിക ജീവിതത്തിന് അനുരൂപമാക്കി മാറ്റാനും ഉതകുന്നതാവണം നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.
'എല്ലാവർക്കും വിദ്യാഭ്യാസം' എന്ന ലക്ഷ്യത്തിൽ നിന്നും നാം 'എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം' എന്ന ഉന്നമതമായ കാഴ്ചപ്പാടിലേക്ക് എത്തി നിൽക്കുകയാണ്. ലക്ഷ്യത്തിലെത്താൻ ഭൗതിക സാഹചര്യം ഒരുക്കുന്നതോടൊപ്പം തന്നെ അധിക പ്രാധാന്യത്തോടെ നാം ഉയർന്ന അക്കാദമിക മികവിനുള്ള വ്യത്യസ്തങ്ങളായ പദ്ധതികൾ കൂടി തയ്യാറാക്കേണ്ടതുണ്ട്. ആധുനിക ബോധന ശാ സ്ത്രസിദ്ധാന്തങ്ങളിൽ ഊന്നിക്കൊണ്ടുള്ള പഠനസമീപനങ്ങൾ രൂപപ്പെടുത്തി അതിന്റെ അടിസ്ഥാത്തിൽ ക്ലാസ് റൂം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിലൂടെ വേണം നമുക്ക് മുന്നേറേണ്ടത്. ഒരു വിദ്യാർത്ഥിക്ക് തൻറെ കഴിവിനും അഭിരുചിക്കും അനുസൃതമായി വളരാനുള്ള അക്കാദമിക് പിന്തുണയാണ് ലഭിക്കേണ്ടത്. ഇതോടൊപ്പം തന്നെ ജലം, വായു, പരിസ്ഥിതി എന്നിവയുടെ സംരക്ഷണം, വ്യക്തി ശുചിത്വം, പരിസര ശുചിത്വം, അവകാശങ്ങളും കടമകളും , ലിംഗ സമത്വം മതനിരപേക്ഷത , ജനാധിപത്യ ബോധം, ശാസ്ത്ര ബോധം, തുടങ്ങിയ മൂല്യങ്ങളെ കുറിച്ചുള്ള ധാരണയും കുട്ടിയിൽ വളർന്നു വരേണ്ടതുണ്ട്. ശിശു സൗഹൃദമായ വിദ്യാഭ്യാസ കാഴ്ചപ്പാടാണ് നാം മുന്നോട്ട് വെക്കുന്നത്. ക്ലാസ് റൂം പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രക്രിയാ ബന്ധിതവുമായിരിക്കണം. സ്വതന്ത്ര ചിന്താഗതി വളർത്തുന്നതും വിമർശനാത്മക വിശകലനത്തിന് പര്യാപ്തമാക്കുന്നതുമായ ചിന്താ ശേഷി വളർത്തുന്ന രീതിയിൽ നമ്മുടെ ക്ലാസ് റൂം പ്രവർത്തനങ്ങൾ ക്രമീകരിക്കപ്പെടേണ്ടതുണ്ട്. മാറി വരുന്ന ലോക ക്രമങ്ങളെ ശാസ്ത്രബോധത്തിൽ ഊന്നിക്കൊണ്ട് പരിശോധിക്കാൻ പഠിതാക്കൾ പ്രാപ്തരാകേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് നമ്മൾ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

## പൊതു കാഴ്ചപ്പാട്

സമഗ്ര അക്കാദമിക്ക് മാസ്റ്റർ പ്ലാനിൻറെ രണ്ടാംഘട്ടത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്
വിദ്യാഭ്യാസത്തെ ഒരു സജീവ മനുഷ്യനായി സങ്കൽപ്പിക്കുകയാണെങ്കിൽ അവന്റെ ശരീരമാണ് ഭൗതിക സാഹചര്യങ്ങൾവൈജ്ഞാനിക മേഖല മസ്തിഷ്കവും

സാമൂഹിക മേഖല സംസ്കാരവും ആണ്.
എല്ലാ ബുദ്ധിപരമായ പ്രവർത്തനങ്ങളെയും

ജൈവീക ധർമ്മങ്ങളെയും നിയന്ത്രിക്കുന്നതും എല്ലാറ്റിനും കാര്യവും കാരണവു മായിരിക്കുന്നതും മസ്തിഷ്കമാണ്. എവിടെയും പ്രത്യക്ഷ സാന്നിധ്യമല്ല എങ്കിലും എല്ലാ പ്രവർത്തനങ്ങളെയും ഉള്ളിൽ നിന്ന് സ്വാധീനിക്കുന്ന സംസ്കാരം.

ഒരു വ്യക്തിയിൽ ഭൗതിക ശരീരവും മസ്തിഷ്കവും സാമൂഹിക സാംസ്കാരിക പരിസരവും എങ്ങനെ യോജിച്ചാൽ ആണോ ആ വ്യക്തി ഉത്തമനായി തീരുന്നത് അതുപോലെ തന്നെ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളും അക്കാദമിക സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളും വേണ്ടവിധത്തിൽ ഘടിപ്പിക്കപ്പെട്ടാലെ അത് ഉത്തമ വിദ്യാലയമായി മാറുകയുള്ളൂ. ഇവയിൽ ഏറ്റവും നിർണായകമായത് അക്കാദമിക നിലവാരം തന്നെയാണ്.

ഈയൊരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം നമ്മുടെ സ്കൂളിന്റെ അക്കാദമിക് നിലവാരവുമായി ബന്ധപ്പെട്ട പരിപാടികൾ നമ്മൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടത്. ഭൗതിക സാഹചര്യങ്ങളിൽ നമ്മൾ നേടിയെടുത്ത വമ്പിച്ച കുതിച്ചുചാട്ടം പൂർണമായി ഉപയോഗപ്പെടുത്തുന്ന രീതിയിൽ വേണം അക്കാദമിക മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്യേണ്ടത്. ഈ പ്രവർത്തനങ്ങളും കാലാനുസൃതമായി ഭൗതിക സാഹചര്യങ്ങളിലും ഉണ്ടാകുന്ന പുരോഗതിക്കനുസരിച്ച് ക്രമാ

നുഗതമായ് മെച്ചപ്പെടുത്തേണ്ടതുണ്ട്. ശാസ്ത്രീയവും സമഗ്രവുമായ പദ്ധതികളാണ് ആവിഷ്കരിക്കേണ്ടത്. പൊതുവിദ്യാഭ്യാസ വകുപ്പ് വളരെ വിശാലമായ ഒരു പരി പ്രേക്ഷ്യത്തിൽ നിന്നുകൊണ്ടാണ് സ്കൂൾ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും അധ്യാപക പരിശീലന പരിപാടികളും വിദ്യാലയ ശാക്തീകരണ പ്രവർത്തനങ്ങളും എല്ലാം ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതുപ്രകാരം നമ്മുടെ അക്കാദമിക പ്രവർത്തനങ്ങളുടെ രണ്ടാംഘട്ടം ഊന്നേണ്ടത് നിശ്ചയ പ്രായത്തിലുള്ള കുട്ടികൾ സർവ്വ മേഖലകളിലും നേടേണ്ട നൈപുണികൾ തന്നെയായിരിക്കണം. വിഷയാധിഷ്ഠിത സമീപനം സ്വീകരിക്കുമ്പോഴും വ്യക്തിത്വത്തിൻറെ സമഗ്ര വികസനം എന്ന ലക്ഷ്യം നാം മറന്നുകൂട.

വിദ്യാർത്ഥികളെ ഇതുവരെ അവർ നേടിയിട്ടുള്ള സാമൂഹിക സാംസ്കാരിക ഈടുവെപ്പുകളുടെയും

വൈജ്ഞാനിക ഉപസ്ഥിതികളുടെയും അടിസ്ഥാനത്തിൽ നാലായിതിരിച്ചുകൊണ്ടുള്ള സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. പിന്നോക്കം നിൽക്കുന്നവർ അധവാ കൂടുതൽ കൈത്താങ്ങ് ആവശ്യമുള്ളവർ, പരിമിത സഹായത്തിലൂടെ ലക്ഷ്യത്തിലെത്തിക്കാവുന്ന ശരാശരിക്കാർ, ശരിയായ മാർഗ്ഗ നിർദ്ദേശങ്ങളിലൂടെ അത്യുന്നതങ്ങളിലേക്ക് എത്തിക്കാൻ കഴിയുന്ന ഉന്നത നിലവാരക്കാർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, എന്നിങ്ങനെയാണ് ഈ വിഭാഗക്കാർ.എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ടും ഈ നാല് വിഭാഗങ്ങൾക്കും വേണ്ടി കർമ്മ പദ്ധതികൾതന്നെ ആസൂത്രണം ചെയ്യേണ്ടതുണ്ട്. സർഗ്ഗശേഷി വികസനത്തിനായി ക്ലാസ് മുറിക്ക് പുറത്തുള്ള

സാധ്യതകളെയും പരമാവധി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ക്യാമ്പസ് ഒരുപാട് പുസ്തകം എന്ന സങ്കല്പം അധ്യാപകരെയും രക്ഷിതാക്കളെയും പൊതുസമൂഹത്തെയും

കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. ക്യാമ്പസിലെ ഓരോ പ്രവർത്തനവും കൃത്യമായി ആസൂത്രണം ചെയ്യപ്പെട്ടതും ലക്ഷ്യബോധമുള്ളതും ആകുമ്പോൾ മാത്രമേ പഠനപ്രക്രിയ ലക്ഷ്യത്തിലേക്ക് എത്തുകയുള്ളൂ.

ഭാഷ,ഗണിതം,സാമൂഹ്യശാസ്ത്രം, ശാസ്ത്രം, കല, കായികം, പ്രവർത്തിപരിചയം, ഐടി, സർഗ്ഗാത്മക ഗവേഷണം എന്നിങ്ങനെയുള്ള മേഖലകളിൽ സ്കൂളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഈ മാസ്റ്റർ പ്ലാനിൻറെ ഭാഗമായി അവതരിപ്പിക്കുകയാണ്. പ്രവർത്തനങ്ങളെ ഹ്രസ്വകാല പദ്ധതികളായും ദീർഘകാല പദ്ധതികൾ ആണ് വിഭാവന ചെയ്തിരിക്കുന്നത്.

## ഭരണപരമായ ക്രമീകരണങ്ങൾ

നമ്മുടെ വിദ്യാലയത്തിന്റെ സവിശേഷ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതും വിശാലമായ കാഴ്ച്ചപ്പാടോട്കൂടിയതുമായ  നിർവഹണ സാദ്യതകൾ പ

രിഗണിക്കപ്പെടേണ്ടതുണ്ട്. ആസൂത്രണം വിലയിരുത്തൽ അച്ചടക്കം ശുചിത്വം സംസ്കാരം ഫയലിംഗ് റെക്കോർഡിങ്ഡോക്യുമെന്റേഷൻ മേളകളുടെ നടത്തിപ്പ് ക്ലബ്ബ് പ്രവർത്തനങ്ങൾ സാമ്പത്തിക ഇടപാടുകൾ പൊതു ആഘോഷങ്ങൾ എന്നിവയെല്ലാം സ്ഥാപനത്തിനും മുഴുവൻ ബാധകമായ പൊതു രീതികളും മാനദണ്ഡങ്ങളും ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ട് മാത്രമേ സ്കൂൾ പ്രവർത്തനങ്ങൾ സുഗമമായും മുന്നോട്ടുകൊണ്ടുപോകാൻ പറ്റുകയുള്ളൂ.

**ആസൂത്രണം നിർവഹണം വിലയിരുത്തൽ** ജനാധിപത്യപരവും സ്വയംഭരണ സംവിധാനത്തോടുകൂടിയതുമായ ഫെഡറൽ മാതൃകയിൽ സ്കൂൾ പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാകുന്ന വിധത്തിലാണ് പൊതു ഭരണനിർവഹണം ആവിഷ്കരിച്ചിരിക്കുന്നത് .SMC, PTA, MPTA,CPTA സ്റ്റാഫ് കൗൺസിൽ വെൽഫെയർ കമ്മിറ്റി SPG എന്നിവയുടെ യോഗം എല്ലാ മാസത്തിലും ചേർന്ന് തൻമാസത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും . അടുത്ത മാസത്തെ പ്ലാനിങ് നടത്തേണ്ടതാണ്. വാർഷികാസൂത്രണം അക്കാദമിക് മാസ്റ്റർ പ്ലാനിൽ നിർദ്ദേശിക്കപ്പെട്ട വിധം ആക്ഷൻ പ്ലാൻ ആയി തയ്യാറാക്കേണ്ടതാണ് .

## അച്ചടക്കം ശുചിത്വം

നിലവിലുള്ള സംവിധാനങ്ങളുടെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങളെ സ്കൂൾ സന്നദ്ധസേനകൾ വിവിധ ക്ലബ്ബുകൾ എന്നിവയുമായി കൂട്ടിച്ചേർത്ത് പരിഷ്കരിക്കേണ്ടതുണ്ട്. സമിതിയെ സഹായിക്കാൻ രക്ഷിതാക്കൾ കൂടി അവസരം നൽകേണ്ടതാണ് ഒരു ദിവസം ഒരു ക്ലാസിലെ രക്ഷിതാക്കൾ അവർക്ക് ഇടപെട്ട് പ്രവർത്തിക്കാവുന്ന എല്ലാ മേഖലകളിലും രാവിലെ 8 30 മുതൽ വൈകിട്ട് 5 30 വരെയുള്ള സമയത്ത് പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കേണ്ടതാണ് .ക്ലാസ് പിടിഎ അംഗങ്ങളെ ദൈനംദിന പ്രവർത്തനങ്ങളിൽ

സഹകരിക്കുന്നതിലൂടെ എല്ലാ മേഖലകളിലെയും ഭരണപരമായ പ്രയാസങ്ങൾ ലഘൂകരിക്കാനും അക്കാദമിക സാഹചര്യം കൂടുതൽ മെച്ചപ്പെടുത്താനും കഴിയുമെന്നതിൽ തർക്കമില്ല.

## തൊഴിൽ സംസ്കാരം

കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെക്കണമെങ്കിൽ അധ്യാപകരുടെയും ജീവനക്കാരുടെയും എല്ലാ പ്രവർത്തനങ്ങളിലും തദനുസൃതമായ മെച്ചപ്പെടുത്തലുകൾ  ഉണ്ടാകേണ്ടിയിരിക്കുന്നു .പ്രവർത്തന സമയം രാവിലെ 8 .30 മുതൽ വൈകിട്ട് 5 .30  ആയി നിജപ്പെടുത്തിയിരിക്കുകയും, 9.45  മുതൽ 3.45 വരെയുള്ള സമയം ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രമായി ക്രമീകരിക്കുയും ചെയ്യേണ്ടതുണ്ട്.പാഠ്യനുബന്ധ  പ്രവർത്തനങ്ങൾ കലാ കായിക പരിശീലനം പ്രത്യേക ക്ലാസുകൾ ഇവയെല്ലാം ഒഴിവു ദിവസങ്ങളിലും ക്ലാസ് സമയത്തിന് പുറമെയുള്ള സമയങ്ങളിലുമായി ചിട്ടപ്പെടുത്തേണ്ടതുണ്ട്.ക്ലാസ് അധ്യാപകർക്കുള്ള പ്രവർത്തന പദ്ധതികൾ പ്രതികമായി തയ്യാറുക്കയും ആവശ്യമായ പരിശീലനങ്ങൾ നൽകേണ്ടതുണ്ട്. കൂട്ടുത്തരവാദിത്വവും കൂട്ടായ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതിലേക്ക് ഒരു ചുമതലയും ഒരാൾക്ക് വേണ്ടി മാത്രമായി നൽകത്തിക്കാൻ പ്രത്യേകമായി ശ്രദ്ധിക്കണം.

ഫയലിംഗ്, റെക്കോർഡിങ്, ഡോക്യുമെന്റ്ഷന്

സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് ഓഫീസിൽ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ലളിതവും അയ്യിരിക്കേണ്ടത് അത്യാവശ്യമാണ് .അധ്യാപകർക്ക് പ്രത്യേകമായി നൽകുന്ന ചുമതലകൾക്കും പ്രത്യേകം ഫയലിംഗ് മിനിറ്റ്സ് ഡോക്യുമെന്റേഷൻ സംവിധാനങ്ങൾ വേണം തുടർച്ച ഉറപ്പ് വരുത്തുക രീതിയിൽ ബന്ധപ്പെട്ടവർക്ക് പ്രത്യേക പരിശീലനം നൽകേണ്ടതാണ്

## മാതൃക ക്ലാസ് റൂം പദ്ധതി

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകം കുട്ടി തന്നെയാണെങ്കിലും ഭരണപരമായ സൗകര്യത്തിനായി ക്ലാസ് മുറിയെ അടിസ്ഥാന യൂണിറ്റായി സ്വീകരിച്ചിരിക്കുന്നു ഓരോ ക്ലാസ് മുറിയും മാതൃകയാകേണ്ടതിലേക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയും മത്സരാധിഷ്ഠിതമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. നിരന്തര മൂല്യനിർണയത്തിലൂടെയും പ്രോത്സാഹനത്തിലൂടെയും പദ്ധതി കുറ്റമറ്റ കുറ്റമറ്റതാകേണ്ടതുണ്ട്.

## മേളകൾ, ക്ലബ് പ്രവർത്തനങ്ങൾ ആഘോഷങ്ങൾ,

ജൂൺ ആദ്യവാരത്തിൽ തന്നെ ക്ലബ്ബുകളുടെ രൂപീകരണവും മേളകളുടെ തയ്യാറെടുപ്പിനാവശ്യമായ HOUSE തിരിച്ചുള്ള പരിശീലനവും ആരംഭിക്കേണ്ടതാണ്, ഒരു വിധത്തിലുള്ള പരിശീലനവും ക്ലാസ് സമയങ്ങളിൽ നടത്താൻ പാടില്ല. ഗ്രൂപ്പിനങ്ങളിൽ ഉപജില്ലാ തരം മുതലുള്ള പരിശീലങ്ങൾക്ക് ജൂണിൽ തന്നെ പ്രത്യേകം തെരെഞ്ഞെടുപ്പ് നടത്തി പരിശീലനം ആരംഭിക്കേണ്ടതാണ്. ഈ ഇനങ്ങൾ സ്കൂൾ കല മേളയിൽ പ്രദർശന ഇനങ്ങളായി പരിഗണിക്കേണ്ടതാണ്. സ്കൂളിൽ നടക്കുന്ന എല്ലാ മത്സരങ്ങളുടെ ഫലങ്ങൾ വിജയികൾ പ്രതിനിധികരിക്കുന്ന ഹോക്സുകളിൾ ക്രെഡിറ്റ് ചെയ്യേണ്ടതാണ്, വിജയികൾക്കുള്ള സമ്മാനങ്ങൾ സ്കൂൾ മേള സ്കൂൾ വാർഷികം എന്നിവയോട് അനുബന്ധിച്ച വിതരണം ചെയ്യേണ്ടതാണ്. ഓണം, ബക്രീദ്, ക്രിസ്മസ്, പുതുവത്സരം, സ്കൂൾ വാർഷികം എന്നിവ വിപുലമായി സംസാകാരികോത്സവങ്ങളായി തന്നെ സങ്കടിപ്പിക്കേണ്ടതുണ്ട്.

## സാമ്പത്തിക നിർവഹണം.

ഓരോ വിഭാഗത്തിലെയും എല്ലാ മേഖലകളിൽ നിന്നുമായി സ്വരൂപിക്കപ്പെടുന്ന വരുമാനം ഒരു പൂളിൽ (ഒരു അക്കൗണ്ടിൽ ) നിക്ഷേപിക്കപ്പെടുകയും ചിലവുകൾ പൊതു തീരുമാനം അനുസരിച്ച് ആവശ്യാനുസരണം നടത്തുകയും ചെയ്യണം. നിലവിലുള്ള മിസ്സലേനിയസ്സ് ഇതിനുള്ള കോർപ്പസ് ഫണ്ടായി

## ഉപയോഗിക്കാം.

**പ്രശന വിശകലനം സ്കൂളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും വ്യക്തി തലത്തിലെ ഗുണഭോക്താക്കൾ വിദ്യാർത്ഥികളും ദീർഘ കാലാടിസ്ഥാനത്തിൽ സമൂഹവും വിശാല പരിപ്രേക്ഷ്യത്തിൽ ഭാവി ലോകവുമാണല്ലോ. അക്കാദമിക് രംഗത്തെ പിഴവുകൾ നാളത്തെ ലോകത്തെ ബാധിക്കുന്ന പ്രശ്നങ്ങളായി മാറുക തന്നെ ചെയ്യും. കുറ്റമറ്റ രീതിയിൽ അക്കാദമിക് പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ ഈ പ്രവർത്തങ്ങളുടെ ഗുണ ഭോക്താക്കളും സഹകാരികളും നേരിടുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യുകയും പരിഹരിക്കപ്പെടും ചെയ്യേണ്ടതുണ്ട്. കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ നേരിടുന്ന പ്രശ്നങ്ങളെ പ്രത്യേകമായി പരിഗണിക്കുകയും പ്രശ്ന പരിഹാരത്തിന് സാകല്യനെയുള്ള സമീപനം സ്വീകരിക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്, ഓരോ വിഭാഗത്തിന്റെയും പ്രശ്നങ്ങളെ വിശാലാർത്ഥത്തിൽ സാമാന്യ വത്കരിക്കുന്നുണ്ടെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളെ നിർവ്വഹണ ഘട്ടത്തിൽ പ്രത്യേകമായി തന്നെ പരിഗണിക്കേണ്ടതുണ്ടെന്ന് നിർദ്ദേശിക്കുക കൂടി ചെയ്യുന്നു.**

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ വിഭാഗം

| ക്രമനമ്പർ | പ്രോജക്റ്റിന്റെ പേര് | ലക്ഷ്യങ്ങൾ | നടത്തിപ്പ് ചുമതല | ഗുണഭോക്താക്കൾ | കാലയളവ് | പ്രവർത്തനങ്ങൾ | പ്രവർത്തനോപാധികൾ | മൂല്യനിർണ്ണയം/ തുടർ പ്രവർത്തനങ്ങൾ | ബജറ്റ്/ സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|---|---|---|
| 1 | ശ്രദ്ധ | മലയാളം/ ഹിന്ദി/ ഇംഗ്ലീഷ് ഭാഷകളിൽ പ്രാവിണ്യം നൽകൽ ഗണിതം അടിസ്ഥാന ശാസ്ത്രം എന്നിവയിൽ അടിസ്ഥാന ജ്ഞാനം നൽകൽവ്യക്തിത്വവികസനം | SRG ചാർജ്ജുള്ള അധ്യാപകൻ | ക്ലാസ് 8 ലെ പഠന പിന്നോക്കാവസ്ഥ അനുഭവിക്കുന്ന വിദ്യാർത്ഥികൾ | 6 മാസം | പഠന പിന്നോക്കാവസ്ഥ അനുഭവിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തൽ മൊഡ്യൂൾനിർമ്മാണംഒഴിവ്ദിവസങ്ങളിലുംവൈകുന്നേരങ്ങളിലും | തിയേറ്റർ, സിനിമ ചർച്ച ക്ലാസുകൾ സെമിനാറുകൾ ആശയാവതരണങ്ങൾ മൂല്യ നിർണ്ണയം തുടർ പരിപാടികൾ | നിരന്തര മൂല്യ നിർണ്ണയം മൂല്യ നിർണ്ണയ ഫലം അടിസ്ഥാനമാക്കിയുള്ള ക്ലാസുകൾ സർട്ടിഫിക്കറ്റ് പരീക്ഷ | കോർപ്പസ് ഫണ്ട് സ്പോൺസർഷിപ്പ് |
| 2 | സ്മൈൽ | കുട്ടികളുടെ പ്രത്യേക കഴിവുകൾ കണ്ടെത്തി പരിശീലനം നൽകൽ കുട്ടികളെ ദേശീയ അന്തർ ദേശീയ പരീക്ഷകളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുക. | SRG/ SMILE ചാർജ്ജുള്ള അധ്യാപകൻ | ക്ലാസ് 8 ലെ പ്രത്യേക കഴിവുള്ള കുട്ടികൾ | അധ്യയന വർഷം | ക്ലാസുകൾ പ്രത്യേക കഴിവുള്ള പഠിതാക്കളെ കണ്ടെത്തൽ മൊഡ്യൂൾനിർമ്മാണം സംസ്ഥാനത്ത് ലഭ്യമായ വിദഗ്ധരെ ഉപയോഗിച്ചൊഴിവു ദിവസങ്ങളിലും വൈകുന്നേരങ്ങളിലും | വിദഗ്ധരുടെ ക്ലാസുകൾ ടെലികോൺഫറൻസ് തിയേറ്റർ, സിനിമ ചർച്ച ക്ലാസുകൾ സെമിനാറുകൾ, ആശയാവതരണങ്ങൾ മൂല്യ നിർണ്ണയം, തുടർ പരിപാടികൾ | നിരന്തര മൂല്യനിർണ്ണയം മാസാന്തര മൂല്യനിർണ്ണയ മാസാന്തര മൂല്യനിർണ്ണയ ഫലം അടിസ്ഥാനമാക്കിയുള്ള | കോർപ്പസ് ഫണ്ട് സ്പോൺസർഷിപ്പ് |
| | | | | | | ക്ലാസുകൾ | | ക്ലാസുകൾ സർട്ടിഫിക്കറ്റ് പരീക്ഷ | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | മാതൃകാ ക്ലാസ്റൂം പദ്ധതി (project for integrated class room transaction) | ക്ലാസ്റൂം പ്രവർത്തനങ്ങൾ ശാക്തീകരിക്കുക ക്ലാസ് റൂമുകളിൽ ആവശ്യമായ അക്കാദമിക് സാഹചര്യം ഒരുക്കുക | SRG ക്ലാസ് അധ്യാപർ | STD VIII, IX, X ക്ലാസുകൾ | അധ്യയന വർഷം | പദ്ധതി നിർദ്ദേശങ്ങളും നിബന്ധനകളും പഠിതാക്കളുടെ സഹകരണത്തോടെ രൂപീകരിക്കലും അറിയിക്കലും<br>ക്ലാസ് ഇൻചാർജസ് ക്ലാസ് ടീച്ചേഴ്സ് , ലീഡേഴ്സ് എന്നിവരുടെ യോഗങ്ങൾ<br>ആവശ്യമായ സംവിധാനം ഒരുക്കൽ പ്രവർത്തനങ്ങൾ രേഖപ്പെടുത്തലിനുള്ള സംവിധാനങ്ങൾ ഒരുക്കൽ | അധ്യാപകർക്കും ക്ലാസ് പ്രതിനിധികൾക്കുമുള്ള പരിശീലന പരിപാടികൾ<br>ആധുനിക സാങ്കേതിക വിദ്യകൾ ക്ലാസ് മുറികളിൽ ഉപയോഗിക്കാനുള്ള പരിശീലനങ്ങൾ | മാസാന്ത മൂല്യനിർണ്ണയം വിജയികൾക്കുള്ള സമ്മാനങ്ങൾ<br>മറ്റ് ക്ലാസുകൾക്കുള്ള നിർദ്ദേശങ്ങൾ നൽകൽ | 5 ലക്ഷം കോർപ്പസ് ഫണ്ട് സ്പോൺസർഷിപ്പ് |
| 4 | Mission A+ | പത്താം ക്ലാസ്സിൽ പഠന പിന്നോക്കാവസ്ഥ അനുഭവിക്കുന്ന കുട്ടികളെ | വിജയോത്സവം | പത്താം ക്ലാസ്സിലെ പഠന | അധ്യയന വർഷം | കുട്ടികളെ കണ്ടെത്തൽ സമയക്രമം നിർമ്മിച്ച് | മോട്ടിവേഷൻ ക്ലാസ് പ്രത്യേകത | നിരന്തര മൂല്യ നിർണ്ണയം മാസാന്ത മൂല്യ നിർണ്ണയം | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | സഹായിക്കൽ കണക്ക്, ശാസ്ത്ര വിഷയങ്ങൾ, ഭാഷകൾ, എന്നിവയിൽ കുട്ടിയെ സഹായിക്കൽ | കൺവീനർ SRG | പിന്നോക്കാവസ്ഥ അനുഭവിക്കുന്ന വിദ്യാർത്ഥികൾ | | | മോട്ടിവേഷൻ ക്ലാസും വിവിധ വിഷയങ്ങളിൽ തീവ്ര പരിശീലന ക്ലാസും നൽകുക | സംശയ നിവാരണ മൂല്യ നിർണ്ണയ ഫലം അടിസ്ഥാനമാക്കിയുള്ള ക്ലാസുകൾ | കോർപ്പസ് ഫണ്ട് സ്പോൺസർഷിപ്പ് |
| 5 | A+ club (Mission for intensive development Action for smart student) | പത്താം ക്ലാസ്സിൽ മുഴുവൻ വിഷയങ്ങളിലും A+ ലഭിക്കാൻ സാധ്യതയുള്ള കുട്ടികളെ സഹായിക്കൽ | വിജയോത്സവം കൺവീനർ SRG | പദം ക്ലാസ്സിൽ മുഴുവൻ വിഷയങ്ങളിലും A+ ലഭിക്കാൻ സാധ്യതയുള്ള കുട്ടികൾ | | അധ്യയന വർഷം | കുട്ടികളെ കണ്ടെത്തൽ സമയ ക്രമം നിർമ്മിച്ച്<br>മോട്ടിവേഷൻ ക്ലാസും വിവിധ വിഷയങ്ങളിൽ തീവ്ര പരിശീലന ക്ലാസും നൽകുക | എഴുത്തു പരീക്ഷകൾ മൂല്യനിർണ്ണയ ഫലം അടിസ്ഥാനമാക്കിയുള്ള ക്ലാസുകൾ | കോർപ്പസ് ഫണ്ട് സ്പോൺസർഷിപ്പ് |
| 6 | ഒന്നിച്ച് മുന്നേറാം സഹവാസ ക്യാമ്പ് | പൊതു പരീക്ഷകളിൽ സമ്പൂർണ്ണ വിജയം ഉറപ്പാക്കൽ | വിജയോത്സവം കൺവീനർ/ SRG | പത്താം ക്ലാസ് പഠന പിന്നോക്കാവസ്ഥ അനുഭവിക്കുന്നവർ ശരാശരിക്കാർ | | 15 ദിവസം മുതൽ ഒരു മാസം വരെ | സമയ ക്രമം നിർമ്മിച്ച്<br>മോട്ടിവേഷൻ ക്ലാസും വിവിധ വിഷയങ്ങളിൽ തീവ്ര പരിശീലന ക്ലാസും നൽകുക | പഠിതാക്കളുടെ ആവശ്യകത | സ്പോൺസർഷിപ്പ് |
| | CURE | | SRG | | | അധ്യയന വർഷം | ഒഴിവു സമയങ്ങളിൽ പ്രത്യേകം സജ്ജമാക്കിയ | | |

## കുട്ടി

| ക്രമ നമ്പർ | പ്രശ്നം | കാരണം | പരിഹാര നിർദേശങ്ങളും പ്രവർത്തനങ്ങളും |
|---|---|---|---|
| 1 | ഗണിതം ഭാഷകൾ ശാസ്ത്രം സാമൂഹ്യ ശാസ്ത്രം ഐ ടി തുടങ്ങി യ വിഷയ ങ്ങളിൽ അടിസ്ഥാന വിവരങ്ങൾ നേടുന്നതിൽ വിഷമം നേരിടുന്നു | മുൻ കാലങ്ങളിൽ നേടേണ്ടുന്ന ശേഷികൾ യഥാവിധി നേടിയില്ല<br>കുട്ടിയ്ക്ക് വ്യക്തി ശ്രദ്ധ ലഭിക്കുന്നില്ല<br>പഠന തന്ത്രങ്ങൾ ഫലപ്രദമായി ക്ലാസ്സിൽ നടപ്പിലാവുന്നില്ല<br>കുടുംബപരമായ പ്രശനങ്ങൾ | കുട്ടി നിർബന്ധമായും ആർജിക്കേണ്ടുന്ന ശേഷികൾ ഉറപ്പുവരുത്താനുള്ള പ്രത്യേക പ്രവർത്തനങ്ങൾ, ക്ലാസുകൾ തുടങ്ങിയവ നടപ്പിലാക്കുക. കുട്ടിക്ക് വ്യക്തി ശ്രദ്ധ കിട്ടുന്നവിധത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യുക പഠന തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക |
| 2 | വ്യക്തി വികസനം, മാനസികാരോഗ്യം എന്നിവ ആർജിക്കുന്നതിലുള്ള വൈഷമ്യം | കുടുംബ സാഹചര്യങ്ങൾ വ്യക്തിപരമായ പ്രശ്നങ്ങൾ മത്സരിധിഷ്ഠിത ലോകത്തിൽ കുട്ടിയ്ക്കുണ്ടാകുന്ന സമ്മർദ്ദങ്ങൾ | രക്ഷിതാക്കൾക്കും കുട്ടികൾക്കും കൗൺസിലിംഗ് ക്ലാസുകൾ<br>ബോധവൽക്കരണ ക്ലാസുകൾ<br>പ്രശനം തിരിച്ചറിഞ്ഞുകൊണ്ടുള്ള ക്ലാസുകൾ |
| 3 | കലാ-കായിക രംഗങ്ങളിലും ആസ്വാദന രംഗത്തും ഉള്ള പിന്നോക്കാവസ്ഥ | പരിശീലന സാധ്യതകൾക്കുള്ള അവസരങ്ങൾ കുറവ് കുടുംബ പരമായ സാഹചര്യങ്ങൾ | പരിശീലന സാധ്യതകൾ സ്കൂളി തന്നെ ഒരുക്കുക<br>ആസ്വാദന സാധ്യതകൾ ഒരുക്കി കൊടുക്കുക |
| 4 | ജീവിത നൈപുണ്യം വികസനം സാമൂഹികരണം എന്നിവയിലുള്ള പിന്നോക്കാവസ്ഥ | സാമൂഹിക ഇടപെടലിനുള്ള അവസരങ്ങൾ കുറഞ്ഞു പോവുക കുടുംബപരമായ സാഹചര്യങ്ങൾ പരിശീലന സാധ്യതകൾക്കുള്ള അവസരങ്ങൾ കുറവ് | സാമൂഹിക ഇടപെടലിനുള്ള അവസങ്ങൾ സൃഷ്ടിക്കുക<br>പരിശീലന സാധ്യതകൾ സ്കൂളിൽ തന്നെ ഒരുക്കുക<br>അനുകരണീയ മാതൃകയുള്ള കലാരൂപങ്ങളുടെ പ്രദർശനം |

# ഉപമേഖല :മലയാളം

| അക്ഷരദീപ്തി | | | | |
|---|---|---|---|---|
| പ്രവർത്തനം | ലക്ഷ്യങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം<br>3. ഉറപ്പിക്കൽ<br>4. പദനിർമ്മാണം<br>5. വാക്യ നിർമ്മാണം<br>6. പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ് | 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം<br>2. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 6 മാസം | മലയാളം അദ്ധ്യാപകർ | |
| അക്ഷരം<br>1. പരിഷ്കരിച്ച ലിപി ചാർട്ട് | 1. മലയാളം എഴുത്തിന്റെ | 6 മാസം | മലയാളം അദ്ധ്യാപ | |

| | | | | |
|---|---|---|---|---|
| ക്ലാസുകളിൽ പ്രദർശിപ്പിക്കുന്നു<br>2. പരിഷ്കരിച്ച മലയാളത്തിൻറെ എഴുത്ത് രീതി ഹ.സി.എഫ് പ്രചരിപ്പിക്കുന്നു. | പ്രശ്നങ്ങൾ പരമാവധി കുറക്കുക<br>2. പരിഷ്കരിച്ച മലയാളം ലിപി വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും പരിചയപ്പെടുത്തുന്നു.<br>3. പോസ്റ്ററുകൾ, പതിപ്പുകൾ എന്നിവ പുതിയ ലിപിയിലാക്കാനുള്ള ബോധവൽക്കരണം നടത്തുക. | | കർ | |
| 3. വായന വേദി | (എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക) ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി നവീകരണം | അക്കാദമിക വർഷം | മലയാളം അദ്ധ്യാപകർ | |
| 4.വായനക്കൂട്ട് | കുട്ടികളിൽ വായന , വിശകലനം, ആവിഷ്കാരം, തുടങ്ങിയ ശേഷികൾ പരിപോഷിപ്പിക്കൻ, ഭാഷാ സ്നേഹം, സാംസ്കാരിക വായന | അക്കാദമിക വർഷം | മലയാളം അദ്ധ്യാപകർ | |
| 5.സർഗ്ഗം<br>സാഹിത്യ ശില്പശാല | വിദ്യാർത്ഥികളിലെ കലാസാഹിത്യ വാസനകളെ പ്രചോദിപ്പിക്കുക | അക്കാദമിക വർഷം | മലയാളം അദ്ധ്യാപകർ | |
| 6.ഗോത്ര വെളിച്ചം | ഗോത്ര വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കുക -ലക്ഷ്യം) ഗോത്ര വിദ്യാർത്ഥികളുടെ തനത് പരിപാടി നടത്തൽ -മാസത്തിൽ ഒരിക്കൽ ,ഉന്നതി സന്ദർശനം രക്ഷിതാക്കളുടെ പങ്കാളിത്തം | മാസത്തിൽ ഒന്ന് | മലയാളം അദ്ധ്യാപകർ | |
| 7.പിറന്നാൾ പുസ്തകം | | | | |

# ഉപമേഖല :ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം ചെയ്യാൻ പ്രാപ്തരാക്കുക. | സ്പോക്കൺ ഇംഗ്ലീഷ്,ക്ലാസ് ഇംഗ്ലീഷ് ലൈബ്രറി നവീകരണം,ഇംഗ്ലീഷ് കോർണർ ,ഇംഗ്ലീഷ് അസംബ്ലി. | അവധിക്കാലം<br><br>ശനിയാഴ്ചകൾ | ടീച്ചേഴ്സ് | പിടിഎ |
| 2.ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | സിനിമ ഡോക്യുമെന്ററി പ്രൊഫൈൽ ആൻഡ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിന് ഇംഗ്ലീഷ് സിനിമയുടെ ചില ഭാഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br>റോൾപ്ലേ, ഇംഗ്ലീഷ് ഡേ ആചരണം,സെമിനാർ,ചർച്ചകൾ,പ്രശസ്തരായ ഇംഗ്ലീഷ് കവിതകളുടെ കൊറിയോഗ്രഫി എന്നിവ തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>രണ്ടു മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ.<br><br>ഇംഗ്ലീഷ് അധ്യാപകർ. | പിടിഎ<br><br>പിടിഎ |
| 3 സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | സ്കൂൾ ഇംഗ്ലീഷ് വോയിസ്, അക്ഷര കാർഡ് പദ കാർഡ്, വാക്യനിർമ്മാണത്തിനുള്ളകാർഡുകൾ, ചിത്ര വായന, നിഘണ്ടു നിർമ്മാണം, പബ്ലിക് സ്പീക്കിംഗ്, സിമ്പിൾസിമ്പ്ലി | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം,അസംബ്ലി | പിടിഎ എസ് ആർ ജി ടീച്ചേഴ്സ് ,ഇംഗ്ലീഷ് ക്ലബ് | ഇംഗ്ലീഷ് ക്ലബ് |

| | | | | |
|---|---|---|---|---|
| | ഗെയിംസ്, ഇംഗ്ലീഷ് പത്രവായന,പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി,ന്യൂസ് റീഡിങ് കോമ്പറ്റീഷൻ | | | |
| 4 നാടകീകരണം | ഇംഗ്ലീഷ് അസംബ്ലി ,സ്കിറ്റ് ,പപ്പറ്റ് ഷോ, ഇംഗ്ലീഷ് ലാബ് പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി ഷോർട്സ്കിറ്റ് അവതരിപ്പിക്കുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങൾ<br><br>ശനിയാഴ്ച ക്യാമ്പ് | പിടിഎ എസ് ആർ ജി ടീച്ചേഴ്സ് ,<br><br>ഇംഗ്ലീഷ് ക്ലബ് | പിടിഎ<br><br>രക്ഷിതാക്കൾ |
| 5 കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br><br>കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു പ്രശസ്ത കവികളുമായുള്ള ആശയവിനിമയും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു<br><br>മാഗസിൻ | ക്ലാസ് പ്രവർത്തനങ്ങൾ<br><br>വെക്കേഷൻ ശനിയാഴ്ചകൾ<br><br>വർഷത്തിൽ രണ്ടു പ്രാവശ്യം | ടീച്ചേഴ്സ് പിടിഎ എസ് ആർ ജി<br>ടീച്ചേഴ്സ് പിടിഎ എസ് ആർ ജി<br><br>ടീച്ചേഴ്സ് പിടിഎ എസ് ആർ ജി | ഇംഗ്ലീഷ് ക്ലബ്<br><br>ഇംഗ്ലീഷ് ക്ലബ്<br><br>പി ടി എ |
| 6.സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക | പ്രശസ്ത എഴുത്തുകാർ,നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖം വീഡിയോ കോൺഫെറെൻസിങ്ങും നടത്തുക<br><br>ഇംഗ്ലീഷ് ഫിലിം ഫെസ്ററ് | വെക്കേഷൻ<br><br>രണ്ടു തവണ | ടീച്ചേഴ്സ് പിടിഎ എസ് ആർ ജി<br><br>ഇംഗ്ലീഷ് ക്ലബ് | പിടിഎ<br><br>പിടിഎ |

| | | | | |
|---|---|---|---|---|
| | | | | |

# ഉപമേഖല:ഹിന്ദി

» സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
» ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
» ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

എട്ടാം തരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതീനും വായിക്കാനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ, വിഷ്വൽസഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ<br><br>ജൂൺ-ജൂലൈ | ഹിന്ദി ടീച്ചേഴ്സ് | |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. | ഓഗസ്റ്റ് - സെപ്തംബർ | ഹിന്ദി ടീച്ചേഴ്സ് | |

ഒമ്പതാം തരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്കഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ - ജൂലൈ | ഹിന്ദി ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽക്കുന്നു. | | | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. | ഓഗസ്റ്റ് - സെപ്തംബർ | ഹിന്ദി ടീച്ചേഴ്സ് | |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. ചെറിയ കവിതകൾ നൽകി ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു. | നവംബർ - ഡിസംബർ | ഹിന്ദി ടീച്ചേഴ്സ് | |

**പത്താം തരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമാണം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ - ജൂലൈ | ഹിന്ദി ടീച്ചേഴ്സ് | |
| സ്വഭാവസവിശേഷതകളിൻമേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. | ഓഗസ്റ്റ് - ഒക്ടോബർ | ഹിന്ദി ടീച്ചേഴ്സ് | |
| ഡയറി എഴുത്ത് | ഡയറി എഴുതുവാനുള്ള | നവംബർ - ജനുവരി | ഹിന്ദി ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| | നിർദ്ദേശങ്ങൾ നൽകുന്നു. | | | |

# ഉപമേഖല:ഉറുദു

ഇന്തോ  ആര്യൻ ഭാഷ ഗോത്രത്തിലെ പ്രധാന ഭാഷകളിൽ ഒന്നാധണ്  ഉറുദു.അനുദിനം വികസിച്ച് കൊണ്ടിരിക്കുന്ന സംഗീത സുന്ദര  ഭാഷയായ  ഉറുദു ഗസലുകളുടെയും ഖവാലികളുടെയും ഹിന്തുസ്താനി സംഗീതത്തിന്റെയും അന്തർധാരയാണ്. സാംസ്കാരിക സമന്യയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിക്കുന്ന ഭാഷയായാണ് ഉർദു അറിയപ്പെടുന്നത് .

തരുവണ ഗവൺമെന്റ് ഹൈസ്കൂളിൽ ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേഷിക്കുന്ന അക്കാദമിക,ഭൗതിക,സാമൂഹ്യ പ്രവർത്തനങ്ങളും താഴെ ചേർക്കുന്നു.

പൊതുലക്ഷ്യങ്ങൾ

ഉറുദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാകുട്ടികളും ആർജ്ജിക്കുക.
.ഉർദു പടിക്കുന്ന എല്ലാകുട്ടികളും 10-ാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതുവാനും സാഹിത്യ രചനകൾ നടത്താനുമുള്ളശേഷി ഉറപ്പാക്കുക.
.സ്കൂൾ വിട്ട് പുറത്തു വരുന്ന മുഴുവൻ ഉർദു പഠിച്ച കുട്ടികൾക്കും വിവിധ ജീവിതസന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പ്വരത്തുക.
.ഉർദു ഭാഷ പഠനത്തിലൂടെ ജനാതിപത്യ മതേതരത്വ മൂലങ്ങൾ ഉയർത്തിപിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
.വിവിധകലാപരമായ കഴിവുകൾ അവതരിപ്പിക്കുവാനും ആസ്വാദിക്കാനുമുള്ള കഴിവ് നേടുക.
.എല്ലാകുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാകാനുള്ള പരിശീലനം നൽകുന്നു.
.പത്താം തരത്തിലെ ഉർദു പഠിക്കുന്ന എല്ലാക്കുട്ടികൾക്കും SSLC പരീക്ഷയിൽ A+ ഗ്രേഡ് ലഭിക്കും വിധം ഉയർന്ന നിലവാരത്തിലെത്തിക്കുക.
.കുട്ടികളുടെ സർഗാത്മക ശേഷികൾ വളർത്തുകയും രചനശേഷികൾക്ക് പ്രോൽസാഹനം നൽകുകയും ചെയ്യുക.
.വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

# പ്രവർത്തന പദ്ധതി മാർഗരേഖ

| പ്രവർത്തനം | പ്രവർത്തനഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ് |
|---|---|---|---|---|---|
| മീഠീ ആവാസ് വായന | വായന മത്സരങ്ങൾ,ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ,ഉർദു പത്രങ്ങൾ,വായനകാർഡുകൾ,തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവധ ദിനാചരണങ്ങളിൽ | സബ്ജക്ട് കൗൺസൽ | 1000 | എച്ച്.എം സബ്ജക്ട് കൗണസിൽ |
| കൈയ്യെഴുത്ത് മാഗസിൻ | രചനശേഷി വളർത്തൽ. ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈയ്യെഴുത്ത്, എന്നീ ലക്ഷ്യം പൂർത്തീകരണത്തിനും,ക ുട്ടികളുടെ സർഗാത്മക വളർതുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക,ചുമർ പത്രിക നിർമ്മാണം,വായന കാർഡ് നിർമ്മാണം. | ടേമിൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസൽ | 500 | എച്ച്.എം സബ്ജക്ട് കൗണസിൽ |
| ഉർദുപത്രം | ക്ലാസ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി പത്രം തയ്യാറാക്കൽ | ടേമിൽ 1 വീതം | ഉർദു ക്ലബ്ബ് | 500 | എച്ച്.എം സബ്ജക്ട് കൗൺസിൽ |
| ഉർദു പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായതും ഉർദുവിലുള്ളതും ആയ പൊതുവിജ്ഞാനം കുട്ടികളിൽ എത്തിക്കുന്നതിന് | എല്ലാ മാസവും | ഉർദു ക്ലബ്ബ് | 500 | എച്ച്.എം സബ്ജക്ട് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| സ്ക്രിപ്റ്റ് അവതരണം | പാഠഭാഗങ്ങൾ സ്ക്രിപ്റ്റായി അവതരിപ്പിക്കൽ | ടേമിൽ 1 വീതം | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം സബ്ജക്ട് കൗൺസിൽ PTA,MPTA പ്രതിനിധികൾ |
| മുശാഇറ,ഗസൽ | ഉർദു ഗസലിനെയും ഹിന്ദുസ്താനി സംഗീതത്തെയും അടുത്തറിയുവാനും സംഗീതവാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും | അദ്ധ്യയന വർഷം | ഉർദു സബ്ജക്ട് കൗൺസൽ | 1000 | എച്ച്.എം സബ്ജക്ട് കൗൺസിൽ |
| സാഹിത്യ ക്യാമ്പ് | കുട്ടികളുടെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന വിധം കവിത ,കഥ ഉപന്യാസക്യാമ്പുകൾ നടത്തുക | അദ്ധ്യയന വർഷം | ഉറുദു സബ്ജെക്ട് കൗൺസിൽ | 500 | എച് എം സബ്ജെക്ട് കൗൺസിൽ |
| ഹാമാരി സബാൻ ഉറുദു ദിനം | ടാലെൻ്റ് മീറ്റ് എൻ്റെ പതിപ്പ് കുട്ടികളുടെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന വിധം കവിത ,കഥ ഉപന്യാസക്യാമ്പുകൾ നടത്തുക | അദ്ധ്യയന വർഷം | ഉറുദു സബ്ജെക്ട് കൗൺസിൽ | 500 | എച് എം സബ്ജെക്ട് കൗൺസിൽ |
| ദിനാചരണങ്ങൾ | വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കാൻ, | അതാത് ദിനാചരണങ്ങൾ | ഉറുദു സബ്ജെക്ട് കൗൺസിൽ | 500 | എച് എം സബ്ജെക്ട് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| | ഭാഷ,ശേഷി വളർത്തുന്നതിനും സർഗാത്മകത വളർത്തുന്നതിനും | | | | |
| വിവിധ സാഹിത്യ കാരന്മാരെയും സ്വാതന്ത്ര്യ സമര സേനാനികളും പരിചയപ്പെടൽ | സമര സേനാനികളും പരിചയപ്പെടൽ വീഡിയോ പ്രദർശനം ദേശിയ നേതാക്കന്മാരുടെയും സാഹിത്യകാരന്മാരുടെ വിഡീയോ പ്രദർശനം | അദ്ധ്യയന വർഷം | ഉറുദു സബ്ജെക്ട് കൗൺസിൽ | 500 | ഉറുദു സബ്ജെക്ട് കൗൺസിൽ |

# ഉപമേഖല:അറബിക്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തെ കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക നല്ല വായനക്കാരൻ ആവുക | അറബിക് ശക്തികരണം പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു കഥകൾ കവിതകൾ ചിത്രകഥകൾ വായനാക്കോർണർ സ്ഥാപിക്കുന്നു | ജൂൺ-നവംബർ | ബി ആ സി,പൂർവ്വ വിദ്യാർത്ഥികൾ | സ്പോൺസർഷിപ്പ് |
| എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു ഓരോ ക്ലാസിലെയും മികച്ച മാഗസിനുകൾക്ക് സമ്മാനം നൽകുന്നു കയ്യെഴുത്ത് മാഗസിനിലെ മികച്ച സ്കൂൾ മാഗസിൻ തയ്യാറാക്കും . | സെപ്ററംബ-നവംബർ | അദ്ധ്യാപകർ | സ്പോൺസർഷിപ്പ് |
| ക്വിസ് കോർണർ | ഓരോ മാസവും നിശ്ചിത തീയതിയിൽ ക്വിസ്സിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. ശരിയുത്തരം കണ്ടെത്തിയ ആൾക്ക് സമ്മാനം നൽകുന്നു | എല്ലാ മാസവും | അദ്ധ്യാപകർ , | |
| പ്രതിഭകളെ | പ്രതിഭകളെ | | അദ്ധ്യാപകർ | |

| | | | |
|---|---|---|---|
| കണ്ടെത്തൽ | കണ്ടെത്തുന്നതിനു മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിന് പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലൈ | |
| ആസ്വാദനം | ഐ ടി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | നവംബർ-ഡിസംബർ | അദ്ധ്യാപകർ , |
| ലാംഗ്വേജ് ലാബ് | തനതായ അറബിക് ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യമൊരുക്കുക | അക്കാദമിക വർഷം | അദ്ധ്യാപകർ , |

# ഉപമേഖല:സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മേക്ക്പാർലമെന്റ് ജനധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക പ്രചാരണം മീറ്റ് ദ കാൻഡിഡേറ്റ് ബാലറ്റ് പേപ്പർ ഉപയോഗിയ്ച്ചുള്ള വോട്ട് എടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കാൻ | വർഷത്തിൽ നാലു തവണ | s. s അദ്ധ്യാപകർ സ്കൂൾ പാർലമെന്റ് S S club ഭാരവാഹികൾ | |
| സാമൂഹിക ശാസ്ത്രം ലൈബ്രെറി കോർണർ സാമൂഹിക ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന അറ്റ്ലസുകൾ ,പുസ്തകങ്ങൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറി വിതരണം | ആഴ്ചയിൽ ഒരു തവണ | SS അദ്ധ്യാപകർ , S S club | |
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ ,ചുമർ ചിത്രങ്ങൾ ,ക്ഷേത്രകലകൾ , കോട്ടകൾ എന്നിവയെ കുറിച്ച കൂടുതൽ മനസ്സിലാക്കൽ അന്വേഷണകൗതുകം | സാമൂഹിക പ്രാധാന്യമുള്ള സ്ഥലങ്ങൾ ,ചരിത്ര സ്മാരകങ്ങൾ തുടങ്ങിയഇടങ്ങളിലേക് നടത്തുന്ന പഠന യാത്രകൾ -എടക്കൽ ഗുഹ -അമ്പലവയൽ മൂസിയം -പഴശ്ശി കുടീരം [മാനന്തവാടി ] | വർഷത്തിൽ ഒരു തവണ | SS അദ്ധ്യാപകർ , S S club | PTA |

| | | | |
|---|---|---|---|
| നിരീക്ഷണ പാടവം ഇവ വികസിപ്പിക്കൽ | | | |
| GK Corner - കേരളം ,ഇന്ത്യ അടിസ്ഥാന വിവരങ്ങളെ കുറിച്ച ധാരണ നേടി പൊതുവിജ്ഞാനത്തിന് താല്പര്യം വളർത്തുന്നതിന് | കേരളത്തിലെ ജില്ലകൾ ,ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങൾ ദിവസവും ഓരോന്നായി നൽകി ധാരണനേടുന്നു .ആഴ്ചയിൽ ഒരു ദിവസം quiz നടത്തുന്നു | മാസത്തിൽ നാല് തവണ | SS അദ്ധ്യാപകർ |

# ഉപമേഖല:ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ ധാരണ കൈവരിക്കൽ | ഒന്നായി മുന്നേറാം. Pretest നടത്തി list തയ്യാറാക്കൽ, Maths Clinic | ജൂൺ ആദ്യ ആഴ്ച | അദ്ധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | Instrument box ലെ ഉപകരണങ്ങൾ കൈകാര്യം ചെയ്യുക. | തുട ർപ്രവർ ത്തനം | അദ്ധ്യാപകർ | |
| ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ക്ലാസ്തല പ്രവർത്തനം | തുട ർപ്രവർ ത്തനം | അദ്ധ്യാപകർ | |
| ഗണിത ആശങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെൽ | ക്ലബ് പ്രവർത്തനം | തുട ർപ്രവർ ത്തനം | ഗണിത ക്ലബ് | |
| സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | തുട ർപ്രവർ ത്തനം | അദ്ധ്യാപകർ, സംഘതലവ ൻ | |
| അദ്ധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ class മുതലുള്ള തുടർപഠനം സാധ്യമാക്കി അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയസമിതിയുടെ പ്രവർത്തനചർച്ചകൾ, പാഠാസൂത്രണം എന്നിവ | അക്കാദ മികവർ ഷ തുട ർപ്രവർ ത്തനം | അദ്ധ്യാപകർ | |
| ഗണിത മത്സരവേദിയിലേക്ക്. മേളകൾക്കുള്ള | ഗണിത ക്ലബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, | ജൂലൈ, ആഗസ്റ്റ് | ഗണിത ക്ലബ് | |

| | | | | |
|---|---|---|---|---|
| മുന്നൊരുക്കം | മത്സരങ്ങൾക്ക് പ്രാപ്തമാക്കുക | | | |
| <u>പ്രധാന ദിനങ്ങൾ</u><br>Pie Approximation Day | Pie യുടെ വിലയെക്കുറിച്ച് കുട്ടികൾക്ക് ധാരണ നൽകുന്ന പ്രവർത്തനങ്ങൾ | ജൂലൈ 22 | ഗണിത ക്ലബ് | |
| ദേശീയ ഗണിത ദിനം | രാമാനുജന്റെ ഗണിത സംഭാവനകൾ വിശദീകരിക്കുക | ഡിസംബർ 22 | ഗണിത ക്ലബ് | |
| Pie Day | Pie യുടെ പ്രാധാന്യം പ്രധാന ദിനങ്ങൾ | മാർച്ച് 14 | ഗണിത ക്ലബ് | |

# ഉപമേഖല:ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണകൗത ുകം,ജിജ്ഞാസ വർധിപ്പിക്കുക | a] ലഘു പരീക്ഷണങ്ങൾ കുട്ടികൾ അവതരിപ്പിക്കുന്നു .<br>b] മോഡലുകൾ നിർമിക്കുക<br>c] പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ ശേഖരണം,പ്രദർശനം<br>d] പ്രൊജക്റ്റ് പ്രവർത്തനം | അക്കാദമിക വർഷം | ജീവശാസ്ത്ര അദ്ധ്യാപകൻ | പി.ടി.എ |
| ഗവേഷണം വിശകലനശേഷി | a] ക്ലാസുകളിൽ സെമിനാറുകൾ തയ്യാറാക്കി മികച്ച പൊതുവേദികളിൽ അവതരിപ്പിക്കുക<br>b] പ്രൊജക്റ്റ് അവതരണം<br>c] ശാസ്ത്ര ശില്പ ശാലകൾ സങ്കടിപ്പിക്കുക<br>d] ഹെർബേറിയ നിർമാണം | അക്കാദമിക വർഷം | ജീവശാസ്ത്ര അദ്ധ്യാപകൻ | സയൻസ് ക്ലബ് |
| ശാസ്ത്ര വായന,ചിന്ത,ന്യുനത സമീപനം | a]ശാസ്ത്ര ലൈബ്രറി,മാസിക പ്രസിദ്ധീകരണം<br>b]സയൻസ് ലാബ്,ഐടി ലാബ് ആധുനിക വൽക്കരണം,പ്രയോജന പെടുത്തൽ | അക്കാദമിക വർഷം | ജീവശാസ്ത്ര അദ്ധ്യാപകൻ | സയൻസ് ക്ലബ്<br>പി.ടി.എ |

# ഉപമേഖല:ഫിസിക്കൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിലെ അടിസ്ഥാന ആശയങ്ങൾ കൈവരിക്കൽ | ക്ലാസ്സുകളിൽ pretest നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ സബ്ജെക്ട് ക്ലിനിക് | ജൂൺ 2 വാരം | അദ്ധ്യാപകർ,മുന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ | |
| ഫിസിക്സ് കെമിസ്ട്രി വിഷയങ്ങളെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടാൻ | ക്ലാസ്സ് തല ചർച്ച | അക്കാദമിക വർഷം | അദ്ധ്യാപകർ | |
| ശാസ്ത്ര അഭിരുചി വളർത്തൽ | a ശാസ്ത്ര തത്വങ്ങൾ അടിസ്ഥാനമാക്കിയുള്ള ലളിതമായ പരീക്ഷണങ്ങൾ സ്കൂൾ തല സയൻസ് എക്സിബിഷൻ സർവ്വേ അഭിമുഖം | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ് | 1000 |
| ശാസ്ത്ര മേളകളിൽ പങ്കാളിത്തം | പങ്കെടുക്കുന്ന കുട്ടികൾക്ക് പിന്തുണയും പ്രോത്സാഹനവും ആശയധാരണയും നൽകൽ | ഒന്നാം പാദം | സയൻസ് ക്ലബ് | 5000 |
| YIP,Inspire പങ്കാളിത്തം | ബോധവൽക്കരണം | 2,3 പാദം | അദ്ധ്യാപകർ | |
| ദിനാചരണങ്ങൾ | ശാസ്ത്ര ദിനാചരണങ്ങൾ സമുചിതമായി | അക്കാദമിക വർഷം | സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| | നടപ്പിലാക്കുക | | | |

# ഉപമേഖല: കായികം

| | | | | | | |
|---|---|---|---|---|---|---|
| വിഷയ കൺവീനറുടെ പേര് | | മേഴ്സി പി വി | | | | |
| ആരോഗ്യ കായിക വിദ്യാഭ്യാസം | പ്രവർത്തനം ഒന്ന് | കായിക ക്ഷമതയിലൂടെ നല്ല പാഠങ്ങൾ പഠിക്കാം | | | | |
| | ലക്ഷ്യങ്ങൾ | വിദ്യാലയത്തിലെ എല്ലാ കുട്ടികളുടെയും കായികക്ഷമത ഉറപ്പുവരുത്തുക കായിക ക്ഷമതയിലൂടെ വ്യക്തി ശുചിത്വം ആരോഗ്യ ശീലങ്ങൾ ലഹരിക്കെതിരെയുള്ള പ്രതിരോധം തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് ബോധവൽക്കരണം നടത്തുക | | | | |
| **പ്രവർത്തനം** | **പ്രവർത്തന ഘട്ടങ്ങൾ** | **കാലയളവ്** | **സാമഗ്രികൾ** | **നിർവഹണ ചുമതല** | **പിന്തുണ** | **സാമ്പത്തികം** |
| കായിക ക്ഷമതയിലൂടെ നല്ല പാഠങ്ങൾ | പ്രീ ടെസ്റ്റ് വിശകലനം കായിക ക്ഷമത കൈവരിക്കാൻ ഉള്ള വ്യായാമങ്ങൾ ഇവയുടെ ഗുണങ്ങൾ പരിചയപ്പെടുത്തുന്നു കളിസ്ഥലവും കളി ഉപകരണങ്ങളുടെ സംരക്ഷണവും ഇവ സംരക്ഷിക്കേണ്ട ആവശ്യകതയും അനിവാര്യതയും എന്താണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുന്നു കായികക്ഷമത ആരോഗ്യ ശീലങ്ങൾ ശാരീരിക മാനസിക വികാസം ലഹരിക്കെതിരെ ഉള്ള പ്രതിരോധം എന്നിവയെ കുറിച്ച് ചർച്ചകൾ നടത്തുന്നു വ്യക്തിഗത അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു ഗ്രൂപ്പ് പ്രവർത്തനങ്ങൾ സെമിനാർ ഡിബേറ്റ് തുടങ്ങി വൈവിധ്യപൂർണ്ണവും ആകർഷകവുമായ രീതിയിൽ അവതരിപ്പിക്കുന്നു കായിക | ജൂൺ ഡിസംബർ | സ്പോർട്സ് ഉപകരണങ്ങൾ | ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ | എസ് ആർ ജി | 10000 |

| | | | | | | |
|---|---|---|---|---|---|---|
| | മത്സരങ്ങൾക്ക് കുട്ടികളെ സജ്ജരാക്കുന്നു | | | | | |

# ഉപമേഖല:പ്രവർത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| E-Newspaper | Enable children to do documentation work | July – March | Club Convenors | |
| Indoor & outdoor gardening | Involve all children in learning related activities | July - March | PTA, Sponsors | 2500 |
| Vegetable farming | Make students interested in agriculture | September - December | PTA, MPTA, Krishi bhavan | 2500 |
| Garment making | Develop the ability of interested children to design their own dress | July - March | Govt. Local bodies, sponsors, PTA | 25000 |
| Training for making hand wash, dish wash and cleaning lotions | Make children and their family self sufficient | August | MPTA | 2500 |
| Plumbing (drip irrigation) | Save water, enable children to do small plumbing works | September | PTA | 3000 |
| Notebook making | Make children self sufficient | October – March | PTA | 5000 |
| Chalk Making | Make enough chalk to use for a year | December – March | PTA | 5000 |